**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 119 | 03.02.2020-ൽ മറുപടിയ്ക്ക്

## പ്രവാസിക്ഷേമ പദ്ധതികൾ

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി പ്രകാരം ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | എ) | മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)- ന് കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം. സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ നൽകുന്ന സ്വയം സംരംഭക വായ്പക്ക് മൂലധന പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്. |
| ബി) | പുനരധിവാസ പദ്ധതി പ്രകാരം ബാങ്കുകൾ മുഖേന 2016 മെയ് മാസത്തിന് ശേഷം 2020 ജനുവരി ഒന്നുവരെ എത്ര പേർക്ക് വായ്പാ സൗകര്യങ്ങൾ നൽകിയെന്ന് അറിയിക്കുമോ; | ബി) | 2016 മെയ് മുതൽ 2020 ജനുവരി 1 വരെ 2384 പേർക്ക് പദ്ധതി പ്രകാരം വായ്പ നൽകിയിട്ടുണ്ട്. |
| സി) | ഈ പദ്ധതിയനുസരിച്ച് മേൽപ്പറഞ്ഞ കാലയളവിൽ സബ്സിഡിയായും മാർജിൻ മണിയായും എത്ര രൂപ നോർക്ക വകുപ്പിന് അനുവദിച്ചുവെന്ന് അറിയിക്കുമോ; | സി) | ഈ കാലയളവിൽ സബ്സിഡി ഇനത്തിൽ നോർക്ക വകുപ്പിന് അനുവദിച്ച തുക 57 കോടി 33 ലക്ഷം രൂപയാണ്. മാർജിൻമണി നോർക്ക അനുവദിച്ചു നൽകുന്നില്ല. |
| ഡി) | പ്രവാസികളുടെ മൃതദേഹങ്ങൾ സൗജന്യമായി നാട്ടിൽ എത്തിക്കാനുള്ള പദ്ധതി പ്രകാരം എത്ര മൃതദേഹങ്ങൾ ഏതെല്ലാം | ഡി) | പ്രവാസികളുടെ മൃതദേഹങ്ങൾ സൗജന്യമായി നാട്ടിൽ എത്തിക്കാനുള്ള പദ്ധതി നിലവിൽ വന്നശേഷം ചൈന, സൗദിഅറേബ്യ, ഫിലിപ്പൈൻസ്, നേപ്പാൾ എന്നീ രാജ്യങ്ങളിൽ |

| | | | |
|---|---|---|---|
| | രാജ്യങ്ങളിൽ നിന്നും നാട്ടിൽ എത്തിച്ചുവെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കുമോ; | | നിന്നും 12 മൃതദേഹങ്ങൾ നാട്ടിൽ എത്തിച്ചു. മൃതദേഹം നാട്ടിലെത്തിക്കാൻ ആകെ 15,61,270/- രൂപ (പതിനഞ്ച് ലക്ഷത്തി അറുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി എഴുപത് രൂപ) ചെലവായി. |
| ഇ) | പ്രവാസി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഏതെല്ലാം വിമാനത്താവളങ്ങളിൽ ആണ് ആംബുലൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഈ സൗകര്യം എത്രപേർ പ്രയോജനപ്പെടുത്തിയെന്നും അറിയിക്കുമോ? | ഇ) | വിദേശത്ത് ജോലിചെയ്യുന്ന പാവപ്പെട്ട മലയാളികൾ അസുഖബാധിതരായി നാട്ടിലേക്ക് മടങ്ങേണ്ടി വരുമ്പോൾ/ പ്രവാസികളുടെ ഭൗതിക ശരീരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ നിന്ന് അവരുടെ വീടുകളിലേക്കോ ബന്ധപ്പെട്ട ആശുപത്രികളിലേക്കോ എത്തിക്കുന്നതിന് നോർക്കയുടെ സൗജന്യ എമർജൻസി ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസിമലയാളികൾ രോഗബാധിതരായി മടങ്ങി വരുമ്പോഴോ അല്ലെങ്കിൽ മരണമടഞ്ഞവരുടെ ഭൗതിക ശരീരം കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളിൽ നിന്നും വീട്ടിലേക്കോ ആശുപത്രിയിലേക്കോ എത്തിക്കുന്നതിനും ഈ പദ്ധതി വഴി സഹായം നൽകുന്നുണ്ട്. നാളിതുവരെ 436 പേർ ഈ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**